**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 698 27.04.2017-ന് മറുപടിയ്ക്ക്**

**വനഭൂമി കയ്യേറ്റം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. പി.സി.ജോർജ്** | **ശ്രീ. കെ. രാജു**<br>**(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വനഭൂമികൾ ഭൂമാഫിയകൾ പലയിടത്തും കയ്യടക്കി വച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ വനം കയ്യേറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കേരളത്തിലെ വനഭൂമികൾ ഭൂമാഫിയകൾ കയ്യടക്കി വച്ചിട്ടുള്ളതായി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എത്ര ഏക്കർ വനം കയ്യേറിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | വനപ്രദേശങ്ങളിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ 31.03.2016 തീയതിയിലെ സർക്കിൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു. |

| വനം സർക്കിൾ | അനധികൃത വനം കയ്യേറ്റം | |
|---|---|---|
| | (ഹെക്ടറിൽ) | (ഏക്കറിൽ) |
| സതേൺ സർക്കിൾ. കൊല്ലം | 18.96 | 46.84 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 1727.20 | 4932.82 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 276.33 | 683.46 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 3819.73 | 9769.13 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 1760.45 | 5279.29 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 5.4061 | 13.37 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്. | 193.02 | 476.95 |
| **ആകെ** | **7801.10** | **21201.86** |

| | | | |
|---|---|---|---|
| (സി) | മൂന്നാർ മേഖലയിൽ എത്ര ഏക്കർ വനം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | മൂന്നാർ വന ഡിവിഷന്റെ പരിധിയിൽ 2717.3 ഏക്കർ സ്ഥലവും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ അധികാരപരിധിയിൽ വരുന്ന മുളങ്ങാമുട്ടി ഭാഗത്ത് ഒരു ഏക്കർ സ്ഥലവും കൈയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | പുതുതായി ശ്രദ്ധയിൽ വരുന്ന വനം കൈയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ ഒഴിപ്പിക്കാറുണ്ട്. ഒഴിപ്പിക്കലിനെതിരെ കോടതി ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ആയത് നീക്കി, ഒഴിപ്പിക്കൽ നടത്താനും നടപടി സ്വീകരിക്കാറുണ്ട്. 1977 ജനുവരി 1 ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 2015 സെപ്റ്റംബർ മാസം 4-ാം തീയതി ബഹു. കേരള ഹൈക്കോടതി 1957 ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961 ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവയനുസരിച്ച് നടപടി സ്വീകരിക്കുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അത്തരം കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കൈയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**